അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 228,92,31,600 (ഇരുന്നൂറ്റി ഇരുപത്തി എട്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ.-ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ.-കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ ഇന്റർനാഷണൽ ഐ.ടി.ഐ. ആക്കുന്നതിന് ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 7,99,83,914(ഏഴ് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി പതിനാല്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടില്ല. 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR)തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്വീകരിച്ചുവരുന്നു. DPR തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടന്റിനെ തീരുമാനിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിച്ചിട്ടുണ്ട്. KASE ലഭ്യമാക്കുന്ന DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുതിയ ഐ.റ്റി.ഐ.-കൾ**

287 (1060) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര ഐ. ടി. ഐ. കളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ആവശ്യമായ സൗകര്യങ്ങൾ നിലവിലുള്ള ചാത്തമംഗലം ഗവൺമെന്റ് ഐ. ടി. ഐ.-യിൽ പുതുതായി ഒരു കോഴ്സ് കൂടി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം (തിരുവനന്തപുരം), പെരുമാട്ടി (പാലക്കാട്), പേരാമ്പ്ര (കോഴിക്കോട്), പടിയൂർ

LIBRARY ARCHIVES Kerala Legislative Assembly

(കണ്ണൂർ), ധർമ്മടം (കണ്ണൂർ), കോടോം-ബേലൂർ (കാസർഗോഡ്), കൊട്ടാരക്കര (കൊല്ലം), ചാത്തമംഗലം (കോഴിക്കോട്), ചടയമംഗലം (കൊല്ലം) എന്നീ 9 ഐ.ടി.ഐ.-കളാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതുസംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് ആവശ്യമായ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**കഴിഞ്ഞ സർക്കാർ ആരംഭിച്ച ഐ.ടി.ഐ.കൾ**

288 (1061) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലം നൽകാമെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉറപ്പിൽ കഴിഞ്ഞ സർക്കാർ എത്ര ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം ഇടങ്ങളിൽ സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം ലഭിക്കാത്തയിടങ്ങളിൽ വാടകക്കെട്ടിടങ്ങളിലാണോ അവ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ വാടക നൽകുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന ഉറപ്പിൽ പള്ളിപ്പാട് (ആലപ്പുഴ), ചങ്ങനാശ്ശേരി (കോട്ടയം), കഞ്ഞിക്കുഴി (ഇടുക്കി), താഴേക്കോട് (മലപ്പുറം), വെസ്റ്റ് എളേരി (കാസർഗോഡ്), കൂത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്), എലുമ്പുലാശ്ശേരി (പാലക്കാട്), നരിപ്പറ്റ (കോഴിക്കോട്), കൊടുവള്ളി (കോഴിക്കോട്) എന്നീ 10 ഐ.ടി.ഐ.-കളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചത്. ഇതിൽ പള്ളിപ്പാട് (ആലപ്പുഴ), കൂത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്) എന്നീ ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly